# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2234** **16/08/2017-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക് രൂപീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.ടി.ബൽറാം** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട ശുപാർശകൾ സമർപ്പിക്കുന്നതിന് രൂപീകരിച്ച പ്രൊ.എം.എസ്.ശ്രീറാം കമ്മിറ്റി ഇത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ? എങ്കിൽ വിശദാംശം നൽകാമോ? | (എ) | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ നിയോഗിച്ച ശ്രീറാം കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ വെബ്സൈറ്റിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് റിസർവ്വ് ബാങ്കിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് റിസർവ്വ് ബാങ്കിന്റെ അനുമതി വാങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | കേരള ബാങ്ക് രൂപീകരണം സഹകരണ മേഖലയെ എങ്ങനെ ബാധിക്കുമെന്ന് പ്രൊ.എം.എസ്.ശ്രീറാം കമ്മിറ്റി വിലയിരുത്തിയിട്ടുണ്ടോ? എങ്കിൽ വിശദാംശം നൽകാമോ? | (സി) | ശ്രീറാം കമ്മിറ്റിയുടെ പ്രധാനപ്പെട്ട വിലയിരുത്തലുകൾ/ശുപാർശകൾ താഴെ പറയുന്നവയാണ്.<br>1. നിലവിലുള്ള ത്രിതല സമ്പ്രദായം നിർത്തലാക്കി ദ്വിതല സമ്പ്രദായം നടപ്പിലാക്കണം.<br>2. ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സംയോജിപ്പിച്ച് ഒരു പൂർണ്ണ സേവനം പ്രദാനം ചെയ്യുന്ന കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് ആരംഭിക്കണം. പ്രാഥമിക ബാങ്കു കളായിരിക്കും ഈ ബാങ്കിന്റെ മുഖ്യ ഓഹരി ഉടമകൾ.<br>3. പ്രാഥമിക സംഘങ്ങളെ ശക്തി |

| | | | |
|---|---|---|---|
| | | | പ്പെടുത്തി സഹകാരികളുടെ ആവശ്യങ്ങൾ പ്രദാനം ചെയ്യുന്ന ഒരു സേവന കേന്ദ്രമാക്കണം.<br>4. കേരള ബാങ്കിന്റെയും പ്രാഥമിക സഹകരണ ബാങ്കുകളുടെയും സേവനങ്ങൾ വ്യക്തമായി വേർതിരിച്ച് നിർവ്വചിക്കണം.<br>5. കേരളത്തിന്റെ വികസനത്തിന് ഗുണഫലമാകുന്ന രീതിയിൽ ധനകാര്യ സേവനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും നൽകാൻ നടപടി സ്വീകരിക്കണം<br>6. ആധുനിക ബാങ്കിംഗ് രംഗത്തെ മാറ്റങ്ങൾ പുതിയ ബാങ്കിലും പ്രദാനം ചെയ്യണം.<br>7. ഒരു ധനകാര്യ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കണം. |

സെക്ഷൻ ഓഫീസർ